കാന്താരി

FOOD • STAY • FUN

www.kantharitourism.com




റബ്ബർ വെട്ടി
സ്വപ്നങ്ങൾ
കൃഷി
ചെയ്തപ്പോൾ
കാന്താരി ഉണ്ടായി.

www.kantharitourism.com



# ‘കാന്താരി’യുടെ കഥ പറയാം...

ഞങ്ങളുടെ മക്കളാണ് ’കാന്താരി’യുടെ തുടക്കത്തിന്റ പ്രധാന കാരണം. അന്ന് ഞങ്ങൾ ദുബായിൽ താമസിച്ചിരുന്ന കാലം. മക്കൾ ഉണ്ടായ കാലത്താണ് കുടുംബത്തെ കുറിച്ചും മുന്നോട്ടുള്ള ജീവിതത്തെ കുറിച്ചുമൊക്കെ കൂടുതൽ ചിന്തിക്കാൻ തുടങ്ങിയത്. കുടിക്കാൻ പോലും വെള്ളം കിട്ടാത്ത ദുബായിൽ ആളുകൾ എല്ലാം ഉണ്ടാക്കുകയും മറ്റു രാജ്യക്കാരെ ആകർഷിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ കേരളത്തിൽ എല്ലാം ഉണ്ടായിട്ടും അത് തിരിച്ചറിയാൻ കഴിയാതെ ആളുകൾ നാട് വിടുകയാണ്. ഇതിനൊരു മാറ്റം വേണം എന്ന് എനിക്ക് തോന്നി.

നല്ല കാലാവസ്ഥ, നല്ല വെള്ളം, നല്ല ഭക്ഷണം, നല്ല കുടുംബ സാഹചര്യം, തുടങ്ങിയവയെല്ലാം കേരളത്തിൽ ഉണ്ടെങ്കിലും പണം ആവശ്യത്തിന് ഇല്ല, അല്ലെങ്കിൽ കാശുണ്ടാക്കാൻ  അറിയില്ല എന്നതാണ് ആളുകളെ നാട് വിടാൻ പ്രേരിപ്പിക്കുന്ന ഒരു ഘടകം. ഇതെല്ലാം മനസ്സിലാക്കിയ ഞാൻ നമ്മുടെ നാട്ടിൽതന്നെ കുടുംബത്തോടൊപ്പം ജീവിക്കാൻ ആവശ്യമായ പണവും അതുപോലെ സാഹചര്യവും കിട്ടുന്ന ഒരു പരിപാടിയ്ക്ക് പ്ലാനിട്ടു. ആദ്യമൊക്കെ എട്ടു നിലയിൽ പൊട്ടിയെങ്കിലും മെല്ലെ മെല്ലെ ജീവൻ വെച്ച് വന്ന് ഇന്ന് നിങ്ങൾ കാണുന്ന നമ്മുടെ കാന്താരി ഉൾനാടൻ ടൂറിസം ആയി.

കേരള ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ അഗ്രി ഫാം ടൂറിസം യൂണിറ്റ് ആയി രജിസ്റ്റർ ചെയ്തിട്ടുള്ള കാന്താരിയിൽ വന്നാൽ ഏറ്റവും അടുത്ത സുഹൃത്തിന്റെ അല്ലെങ്കിൽ ബന്ധുവിന്റെ വീട്ടിൽ പോകുമ്പോൾ കിട്ടുന്ന ഒരു അനുഭൂതിയാണ് ഉണ്ടാവുക. നിങ്ങളെ ഞങ്ങളുടെ ഫാമിലെ കൃഷിരീതികളും വ്യത്യസ്തമായ ജീവിത രീതികളുമൊക്കെ പരിചയപ്പെടുത്തും. ഇവിടെയുള്ള പലതരം ഭക്ഷണങ്ങൾ, തേൻ, പഴങ്ങൾ കിഴങ്ങുവർഗ്ഗങ്ങൾ മറ്റ് കാർഷിക ഉപോൽപന്നങ്ങളും ഒക്കെ കഴിക്കുകയും വാങ്ങുകയും ചെയ്യാം.  അടുത്തുള്ള അടിപൊളി സ്ഥലങ്ങളിലൊക്കെ നിങ്ങളെ ഞങ്ങൾ കൊണ്ടുപോയി സന്തോഷത്തോടെ തിരിച്ചു പറഞ്ഞയക്കും. നിങ്ങളുടെ കഥകൾ കേൾക്കാനും ഞങ്ങളുടെ കഥകൾ പറയാനും ഒക്കെ ഇതിനിടക്ക് സമയം കണ്ടെത്തും. ഈ കഥകളും ഇവിടുത്തെ ഭക്ഷണങ്ങളും കറക്കവുമൊക്കെയാണ് ‘കാന്താരി’യെ വ്യത്യസ്തമാക്കുന്നത്.

ജീവിതത്തിന്റെ തിരക്കുകളിൽ നിന്നും ഒരു മാറ്റം കൊതിക്കുന്ന ഏതൊരു മനുഷ്യനും ഞങ്ങളുടെ ‘കാന്താരി’യിലേക്ക് സ്വാഗതം. ഇവിടെ നിങ്ങൾക്ക് പ്രകൃതിയുടെ തുടിപ്പ് അറിയാനാകും. ഇവിടേക്ക് വരുന്നവരോട് ഒരു കാര്യം മാത്രമേ പറയാനുള്ളൂ, റിസോർട്ടിലെ പോലെ DJ പാർട്ടിയും കള്ള് സൽക്കാരവും ‘കാന്താരി’യിൽ പ്രതീക്ഷിക്കരുത്.

NB: നേരത്തെ ബുക്ക് ചെയ്തുവരുന്നവർക്ക് മാത്രം പ്രവേശനം.

നന്ദിപൂർവ്വം
**റോമിയോ & നീതു**



ഉറക്കം
കറക്കം
തീറ്റ.





# ജീവിതമധുരത്തിന്റെ ‘കാന്താരി’ രുചികൾ

www.kantharitourism.com

01

# റോക്ക് ഹൗസ്

കാന്താരിയുടെ പ്രവേശനക്കവാടത്തിന് അടുത്തായി തന്നെ കപ്പിൾസിനും ഫാമിലിക്കും വളരെ അനുയോജ്യമായ ഒരു മുറിയാണ് റോക്ക് ഹൗസ്. പുറത്തു നിന്ന് കണ്ടാൽ ഒരു കല്ലും മണ്ണും ഉപയോഗിച്ച് ഉണ്ടാക്കിയ ഒരു ശില്പം പോലെ തോന്നുമെങ്കിലും ഉള്ളിൽ സൗകര്യമുള്ള ഒരു ഫാമിലി റൂം ആണ്. ആവശ്യമെങ്കിൽ പ്രധാന ബെഡിനോട് ചേർന്ന് ഒരു എക്സ്ട്രാ ബെഡ് കൂടെ സെറ്റ് ചെയ്യാവുന്നതാണ്. പുറത്തേക്ക് ഇറങ്ങിയാൽ കുട്ടികൾക്കായുള്ള കളിസ്ഥലവും ഒരുക്കിയിരിക്കുന്നു. കാന്താരിയിലെ വൈകുന്നേരങ്ങൾ അതിമനോഹരം തന്നെ.

FACILITIES

- AC
- Kettle
- WIFI Connectivity
- Attached Bathroom, Dressing Area with Mirror
- Dining Table for Couples and an extra Dining Area for Family






www.kantharitourism.com

മണ്ണിന്റെ മണവും തണുപ്പും ഒരു അനുഭവം തന്നെ അത് മണ്ണ് തുരന്നുണ്ടാക്കിയ കാന്താരിയിലെ ഗുഹാ വീട്ടിൽ ആസ്വദിക്കാം. സേഫ് ആയി മണ്ണിനടിയിൽ താമസിക്കാൻ വേണ്ടിയാണ് ഗുഹാവീട് 18 മീറ്റർ മൺ തുരങ്കത്തോടുകൂടി ഒരുക്കിയിരിക്കുന്നത്.  മസ്സാജ് ബെഡ് ഉൾപ്പെടെ ഉള്ള വിശാലമായ ഗുഹാ വീട്ടിൽ കമിതാക്കൾക്ക് സൗകര്യപ്രദമായി അവരുടെ സ്വകാര്യ നിമിഷങ്ങൾ ആസ്വദിക്കാം. പുറത്ത് വിശാലമായ കളിസ്ഥലവും വ്യൂ പോയിന്റും ഒരുക്കിയിരിക്കുന്നു. കാന്താരി ഫാമിന്റെ ഹൃദയഭാഗത്തായി പ്രൈവറ്റ് പാർക്കിങ്ങോട് കൂടെ ആണ് ഗുഹാ വീട് ഉള്ളത്.

FACILITIES

- Kettle
- AC
- Attached Bathroom
- Couples Dining Area
- Massage Bed
- Private Parking

# ഗുഹാ വീട്

02




കാന്താരി




കാന്താരി
www.kantharitourism.com

# 03

## ഗുഹ 2

ചിലർക്ക് ഗുഹാ വീട് വലിയ ഇഷ്ടം ആണെങ്കിൽ പോലും പുറത്തേക്ക് ഒരു ബാൽകണി ഇല്ല എന്നൊരു പരാതി ഉണ്ട് അത് പരിഹരിക്കാൻ ആണ് ഗുഹയുടെ മുകളിൽ തന്നെ പുറത്തേക്ക് കാഴ്ച കിട്ടുന്ന പോലെ ഒരു ഗുഹാ വീട് ചെയ്തത്. ഇവിടുത്തെ വൈകുന്നേരത്തെ വൈബ് ഒന്ന് വേറെ തന്നെ ആണ്.

### FACILITIES

- Private Parking
- Attached Bathroom
- AC
- Kettle
- Dining Table Inside and Outside




www.kantharitourism.com

ഫാമിലി അല്ലെങ്കിൽ കപ്പിൾസ് ആയി വരുമ്പോൾ പ്രൈവസി ആണല്ലോ ഒരു പ്രധാന കാര്യം അത് ഉറപ്പ് വരുത്തുന്ന രീതിയിൽ ആണ് കാന്താരിയിലെ പ്രൈവറ്റ് പൂൾ ഹട്ട് ഉള്ളത്.  നിങ്ങളുടെ സ്വകാര്യ നിമിഷങ്ങൾ ഏറ്റവും ആസ്വാദ്യമാക്കാൻ ഇവിടെ വരാം ബഡ്ജറ്റ് ഫ്രണ്ട്‌ലി ആയ പ്രൈവറ്റ് പൂൾ ഹട്ട് കിട്ടാൻ ഒന്ന് നേരത്തെ ബുക്ക് ചെയ്യേണ്ടതാണ്.

FACILITIES

- Private Parking
- Family Dining Area
- AC
- Kettle
- Attached and Extra Wash Room
- Closed Area

# പ്രൈവറ്റ് പൂൾ ഹട്ട്

04







www.kantharitourism.com

05

# ട്രീ ഹൗസ്

കാന്താരിയിലെ ട്രീ ഹൌസ് ആണ് ഏറ്റവും പ്രീമിയം ഫാമിലി റൂം. വലിയ ബാത്‌റൂമോടുകൂടിയ ഈ ഏറുമാടം കപ്പിൾസ് നും ഫാമിലിക്കും ഒരേ പോലെ ആസ്വാദ്യകരമാണ്. എല്ലാ വശത്തേക്കും ബാൽകണിയും നല്ല കാഴ്ചയും ഇളം കാറ്റും എപ്പോഴും ആസ്വദിക്കാം.

FACILITIES

- AC
- Kettle
- Couples & Family Dining Area
- Activity Area
- Balcony
- WIFI
- Bedroom & Living Space









www.kantharitourism.com

ബഡ്ജറ്റ് ഫ്രണ്ട്‌ലി ആയി ഒരു ഫാമിലി ഗ്രൂപ്പിന് (10 - 15 ആളുകൾ) താമസിക്കാനും മീറ്റ് അപ്പ് നടത്താനും ബെസ്റ്റ് സ്‌പോട് ആണ് ഇത്. 2 AC റൂമുകളും ഡൈനിങ് & മീറ്റിംഗ് ഏരിയയും കുട്ടികൾക്ക് ഉള്ള കളിസ്ഥലവും ചെറിയ പൂളും എല്ലാം ഇതിൽ ഉൾപ്പെടുന്നു.

FACILITIES

- AC Bedrooms
- Hall
- Activity Area
- Kids Area
- Kids Pool
- WIFI
- Kettle

# ടിവിൻ ബെഡ്റൂം ഫാമിലി കോട്ടേജ്

06

www.kantharitourism.com









www.kanthartourism.com



# കാന്താരിയിലെ പ്രകൃതിയോട് ചേർന്ന നാടൻ ഭക്ഷണങ്ങൾ.









- തേങ്ങ കൊത്തിട്ട് വരട്ടിയ ബീഫ്
- ബീഫ് സ്റ്റൂ
- കാഷ്യൂ പേസ്റ്റും തേങ്ങ പാലും ചേർത്ത കോഴി കറി
- വറുത്തരച്ച കോഴി കറി
- കോഴി ചതച്ചു പൊരിച്ചത്
- കപ്പ വറവിട്ടത്
- പാൽ കപ്പ
- പിടി (ചെറിയ കൊഴുക്കട്ട തേങ്ങ പാലിൽ വേവിച്ചത്)
- ചപ്പാത്തി
- ചിരട്ട പുട്ട്
- നാടൻ സദ്യ
- ബിരിയാണി
- പ്രഭാത ഭക്ഷണങ്ങൾ (നൂൽ പുട്ട്, അപ്പം, ദോശ, ഇഡ്ഡലി)
- കാന്താരി ചമ്മന്തി
- കാന്താരി നാരങ്ങ സ്പെഷ്യൽ അച്ചാർ



# ഓരോ സീസൺ അനുസരിച്ചു കിട്ടുന്ന വിഭവങ്ങൾ.







- ചേമ്പ് പുഴുങ്ങിയത്
- ചേന പുഴുങ്ങിയത്
- കാച്ചിൽ പുഴുങ്ങിയത്
- മുക്കിഴങ്ങ് പുഴുങ്ങിയത്
- ഈന്ത് വിഭവങ്ങൾ
- ചക്ക വിഭവങ്ങൾ



നമ്മുടെ
നാട്ടിൽ ഒത്തിരി
കാണാനുണ്ട്.



www.kantharitourism.com

Karikandanpara,
Kozhikode, Kerala, India 673527

kantharitourism@gmail.com

+91 **9656 616 655**
+91 **7034 70 20 20**

TAP ICON TO CONTACT US

*Thank You...*